സ്വകാര്യ ലാബുകളിലെ ലിംഗനിർണ്ണയ പരിശോധനകൾ

37 (2246) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ലാബുകളിൽ ലിംഗനിർണ്ണയ പരിശോധനകൾ നടക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് ;

(സി) സ്വകാര്യ ആശുപത്രികളിലെ ലാബുകളിൽ ലിംഗനിർണ്ണയ പരിശോധനകൾ നടത്തുന്നത് തടയുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ഡി) മുൻ വർഷം എത്ര സ്വകാര്യ ആശുപത്രികളിൽ ഇത് കണ്ടെത്തുന്നതിന് പരിശോധന നടത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും കേരളത്തിൽ സ്ത്രീ/പുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1081 സ്ത്രീകളാണെങ്കിലും ആറ് വയസ്സിന് താഴെയുള്ളവരുടെ കണക്കുകൾ പരിശോധിക്കുമ്പോൾ ഇത് 1000 ആൺകുട്ടികൾക്ക് 959 പെൺകുട്ടികളാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്ന സാഹചര്യത്തിൽ പെൺകുട്ടികളുടെ ജനന നിരക്ക്കുറയുന്നതിൽ കൃത്രിമമായ ഇടപെടലുകളുണ്ടോയെന്ന് സുപ്രീംകോടതി മേൽനോട്ടം വഹിക്കുന്ന പി.സി. & പി.എൻ.ഡി.റ്റി. ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ശക്തമായ നിരീക്ഷണം നടത്തിവരുന്നു. സ്വകാര്യ ലാബുകളിലും സ്കീനിംഗ് സെന്ററുകളിലും പി.സി.& പി.എൻ.ഡി.റ്റി. നിയമപ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നതിനുള്ള കർശനനിർദ്ദേശം ആരോഗ്യവകുപ്പ് നൽകുകയും തുടർച്ചയായ പരിശോധനയിലൂടെ നിയമലംഘകരെ കണ്ടെത്തുന്നതിനും ശിക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമെ ഡോക്ടർമാരെയും പൊതുജനങ്ങളെയും പി.സി.& പി.എൻ.ഡി.റ്റി. നിയമത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിശീലനങ്ങളും പരസ്യപ്രചരണങ്ങളും ആരോഗ്യവകുപ്പ് നടത്തിവരുന്നു.

(സി) സുപ്രീംകോടതിയുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ രാജ്യത്ത് നടപ്പിലാക്കിയ പി.സി.&പി.എൻ.ഡി.റ്റി. നിയമപ്രകാരമാണ് ലിംഗനിർണ്ണയ പരിശോധനകൾ നിരോധിക്കപ്പെട്ടിട്ടുള്ളത്. ഈ നിയമപ്രകാരം എല്ലാ അൾട്രാസൗണ്ട് സ്കാനിംഗ്

LIBRARY ARCHIVES Kerala Legislative Assembly

മെഷീനുകളും അത് ഉപയോഗിക്കുന്ന സ്ഥലവും ഉപയോഗിക്കുന്ന വ്യക്തിയും രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണ്. എല്ലാ സ്കാനിംഗ് സെന്ററുകളും അനുഷ്ഠിക്കേണ്ട നിബന്ധനകളും അത് ലംഘിക്കപ്പെടുമ്പോൾ നൽകാവുന്ന ശിക്ഷയും നിയമത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. ലിംഗനിർണ്ണയം ഈ ആശുപത്രി നടത്തില്ലെന്ന് ഡോക്ടറും കുട്ടിയുടെ ലിംഗം അറിയേണ്ടതില്ലെന്ന് അമ്മയും ഓരോ സ്കാനിംഗിനുമുമ്പും ഒപ്പിട്ട് രേഖയായി സൂക്ഷിക്കേണ്ടതാണ്. ആശുപത്രികളിൽ ലിംഗനിർണ്ണയം നടത്തുന്നില്ല എന്ന് ബോർഡ് സ്ഥാപിക്കുകയും ആശുപത്രികളിലെ ഡോക്ടറുടെ രജിസ്ട്രേഷൻ പ്രദർശിപ്പിക്കേണ്ടതുമാണ്. ഇത് കർശനമായി നിരീക്ഷിക്കുന്നതിന് ആരോഗ്യ വകുപ്പ് എല്ലാ മാസവും പരിശോധനകൾ നടത്തുന്നുണ്ട്.

(ഡി) ജില്ലകളിൽ നിന്നുള്ള കണക്കുകൾ പട്ടികയായി ചുവടെ ചേർക്കുന്നു :

ക്രമനമ്പർ	ജില്ല	പരിശോധന നടത്തിയ സ്വകാര്യ ആശുപത്രികളുടെ എണ്ണം
1	തിരുവനന്തപുരം	89
2	കൊല്ലം	69
3	പത്തനംതിട്ട	16
4	ആലപ്പുഴ	34
5	കോട്ടയം	26
(1)	(2)	(3)
6	ഇടുക്കി	34
7	എറണാകുളം	72
8	തൃശ്ശൂർ	41
9	പാലക്കാട്	67
10	മലപ്പുറം	46
11	കോഴിക്കോട്	08
12	വയനാട്	21
13	കണ്ണൂർ	ജില്ലാകമ്മിറ്റി തലത്തിൽ 24 സബ്കമ്മിറ്റി തലത്തിൽ 31
14	കാസർഗോഡ്	മുഴുവൻ സ്ഥാപനങ്ങളിലും നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly